**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1841** **11-10-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട്സിറ്റി ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.ക്ക് വാങ്ങി നൽകിയ ഇലക്ട്രിക് ബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട്സിറ്റി ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.ക്ക് വാങ്ങി നൽകിയ ഇലക്ട്രിക് ബസുകൾ അനധികൃത യാത്ര നടത്തുന്നതായി തിരുവനന്തപുരം കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.ക്ക് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്മാർട്ട് സിറ്റി ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വാങ്ങി നൽകിയ ഇലക്ട്രിക് ബസുകൾ അനധികൃത യാത്ര നടത്തുന്നു എന്ന ആരോപണം സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് നാളിതുവരെ കത്തുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ഇലക്ട്രിക് ബസുകളിൽ നിന്നുള്ള ആപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇന്റർഫേസ് (API) ഡാറ്റ നൽകുന്നതിന് സ്മാർട്ട് സിറ്റി കത്ത് അയച്ചിട്ടുണ്ട്. |
| (ബി) | സർവീസ് ക്രമീകരണം, വരുമാന പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിൽ കോർപ്പറേഷനും കെ.എസ്.ആർ.ടി.സി.യും സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; പ്രസ്തുത കരാറിലെ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും തിരുവനന്തപുരം കോർപ്പറേഷനും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയും തമ്മിൽ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ സർവ്വീസ് ക്രമീകരണം, വരുമാന പങ്കാളിത്തം എന്നിവ സംബന്ധിച്ച പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br><br>1. പൊതുഗതാഗത പ്രശ്നം പരിഹരിക്കുന്നതിനായി ഇ-ബസുകൾ ഉപയോഗിച്ച് സിറ്റി സർവീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി മൂന്നാം കക്ഷിയെ (KSRTC-SWIFT) ഉപദേശിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ മേയർ അധ്യക്ഷയായ ഒരു ഉപദേശക സമതി ഉണ്ടായിരിക്കും.<br><br>2. തിരക്കേറിയ സമയങ്ങളിൽ തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ സിറ്റി സർക്കുലറായും തിരക്ക് കുറഞ്ഞ സമയങ്ങളിൽ സബർബൻ പ്രദേശത്ത് മൂന്നാം കക്ഷി (KSRTC-SWIFT) ഗതാഗത സേവനം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും മികച്ച കണക്റ്റിവിറ്റി നൽകുന്ന രീതിയിൽ നൽകണം. |

| | | | |
|---|---|---|---|
| | | | 3. ഇലക്ട്രിക് ബസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനം മൂന്ന് സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെട്ട ടീം പിന്നീട് പ്രത്യേകം കണക്കാക്കി വരുമാനം പങ്കിടുന്നതിനെ സംബന്ധിച്ചുള്ള സാധ്യത രൂപപ്പെടുത്തേണ്ടതാണ്. |
| (സി) | ഈ കാര്യത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കരാറുമായി ബന്ധപ്പെട്ട് തർക്കമുണ്ടാകുന്ന സാഹചര്യങ്ങളിൽ മൂന്ന് കക്ഷികളും ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ